# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LIV - JK 100 | 2026 APRIL 6 | No. 4


## PASTORAL LETTER - 3

# ദൈവദാസൻ ഫാ. തിയോഫിൻ കപ്പൂച്ചിൻ ധന്യപദവിയിൽ

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

നന്മചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ച യേശുവിനെ അനുഗമിച്ച മനുഷ്യസ്നേഹിയും പ്രിയപ്പെട്ട ജനങ്ങളുടെ 'വല്ല്യച്ചനു'മായ ദൈവ ദാസൻ തിയോഫിനച്ചന്റെ വീരോചിത പുണ്യങ്ങളും സുകൃതങ്ങളും അംഗീകരിച്ച് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ തിയോഫിനച്ചനെ ധന്യരുടെ ഗണത്തിലേക്ക് ഉയർത്തിയിരിക്കുന്നു. വി. ഫ്രാൻസിസ് അസ്സീസിയുടെ വർഷമായി ആചരിക്കപ്പെടുന്ന ഈ സവിശേഷ ജൂബിലി വർഷത്തിൽ കപ്പൂച്ചിൻ സന്ന്യാസസഭയ്ക്കും വരാപ്പുഴ അതിരൂപതയ്ക്കും കേരളസഭയ്ക്കും ദൈവം നൽകിയ സമ്മാനമാണ് ദൈവദാസൻ തിയോഫിനച്ചന്റെ ധന്യപദവി. ഈ അനുഗ്രഹത്തിന് നമുക്ക് ദൈവത്തിന് നന്ദിപറയാം. സ്വന്തം ജീവിതാവസ്ഥയ്ക്കനുസൃതമായി സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് നീങ്ങുകയും അതു

വഴി മറ്റുള്ളവരെ വിശുദ്ധിയിൽ വളരാൻ സഹായിക്കുകയും ചെയ്ത ധന്യനായ തിയോഫിനച്ചൻ ജന്മംകൊണ്ടും കർമ്മംകൊണ്ടും അവിഭക്ത വരാപ്പുഴ അതിരൂപതയുടെ ഭാഗമായിരുന്നുവെന്നത് നമുക്ക് ആഹ്ളാദം നൽകുന്ന കാര്യമാണ്.

ഇന്നത്തെ കോട്ടപ്പുറം രൂപതയിലെ സെന്റ് മൈക്കിൾ കത്തീഡ്രൽ ഇടവക കൂടല്ലൂർ ഇട്ടിച്ചെറിയാ ജോർജ്ജിന്റെയും അന്നയുടെയും മകനായി 1913 ജൂലായ് 20-നാണ് തിയോഫിനച്ചൻ ഭൂജാതനായത്. മൈക്കിൾ എന്നായിരുന്നു ജ്ഞാനസ്നാന നാമം. കോട്ടപ്പുറം എൽ.പി. സ്കൂളിലെയും കൊടുങ്ങല്ലൂർ ബോയ്സ് സ്കൂളിലെയും പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം 1929-ൽ വരാപ്പുഴ അതിരൂപതയിലെ മൈനർ സെമിനാരിയിൽ പ്രവേശിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് സ്കൂളിലായിരുന്നു ഹൈസ്കൂൾ പഠനം. ഒരു ഇടവക വൈദികനാകുവാൻ മൈനർ സെമിനാരിയിൽ ചേർന്ന മൈക്കിൾ കുറെനാൾ കഴിഞ്ഞ് വി. ഫ്രാൻസിസ് അസ്സീസിയെ അനുകരിച്ച് കപ്പൂച്ചിൻ സന്ന്യാസസഭയിൽ ചേരുവാൻ ആഗ്രഹിച്ചു. തന്റെ ആത്മീയപിതാവും പിന്നീട് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയും ദൈവദാസനുമായിത്തീർന്ന ഫാ. ജോസഫ് അട്ടിപ്പേറ്റിയെ തന്റെ ആഗ്രഹം അറിയിച്ചപ്പോൾ മേലധികാരികൾ ആ ദൈവവിളിയെ തിരിച്ചറിഞ്ഞ് മൈക്കിളിനെ കപ്പൂച്ചിൻ സഭയിൽ ചേരുവാൻ പ്രോത്സാഹിപ്പിച്ച് അനുവദിച്ചു.

ബ്രദർ മൈക്കിൾ 1934 നവംബർ 1-ാം തീയതി കർണ്ണാടകയിലെ ഫറങ്കിപ്പേട്ട് കപ്പൂച്ചിൻ ആശ്രമത്തിൽ വച്ച് സഭാവസ്ത്രം സ്വീകരിച്ചു, തിയോഫിൻ എന്ന പേരിൽ സന്ന്യാസജീവിതം ആരംഭിച്ചു. 'തിയോഫിൻ' എന്ന പേരിന്റെ അർത്ഥം 'ദൈവത്തിന്റെ വെളിപ്പെടുത്തൽ' എന്നാണ്. 1941 ഏപ്രിൽ 20-ന് ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷിക്തനായ തിയോഫിനച്ചനിലൂടെ ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ ആരംഭിക്കുകയായിരുന്നു. കൊല്ലം, മാവേലിക്കര, തൃശിനാപ്പിള്ളി, കോട്ടഗിരി എന്നീ സ്ഥലങ്ങളിൽ തിയോഫിനച്ചൻ കർമ്മനിരതനായി ശുശ്രൂഷകൾ അർപ്പിച്ചു. പെരുമാന്നൂർ ഇടവകയുടെ ഭാഗമായ വരവുകാട്ടും 1958-ൽ തിയോഫിനച്ചൻ ശുശ്രൂഷ ചെയ്തു. 1959 മാർച്ച് 7-ന് പൊന്നുരുന്നിയിൽ നിയമിതനായ അദ്ദേഹം ഇവിടെ ഒരു ആശ്രമവും

മനോഹരമായ ഒരു ആശ്രമദൈവാലയവും അപ്പസ്തോലിക സെമിനാരിയും പണിതുയർത്തി.

തിയോഫിനച്ചൻ നയിച്ചിരുന്ന ആശ്രമം അക്ഷരാർത്ഥത്തിൽ ഒരു ഹോസ്പിറ്റൽ ആയിരുന്നു. ഹോസ്പിറ്റൽ എന്ന വാക്കിന്റെ മൂലാർത്ഥം ആതിഥ്യം ലഭിക്കുന്ന സ്ഥലമെന്നാണെങ്കിൽ ആത്മീയവും ശാരീരികവുമായ സുഖപ്രാപ്തിക്ക് അനേകർ സമീപിച്ചിരുന്നത് തിയോഫിനച്ചനെയാണ്. കേരളസഭയ്ക്ക് ഗണ്യമായ സംഭാവന നൽകിയ കപ്പൂച്ചിൻ മിഷൻ ധ്യാനം ആരംഭിച്ചപ്പോൾ അതിൽ അവിഭാജ്യഘടകമായിരുന്നു തിയോഫിനച്ചന്റെ ധ്യാനപ്രസംഗങ്ങൾ. അച്ചന്റെ ആത്മാഭിഷേകത്തോടെയുള്ള പ്രസംഗങ്ങളും പ്രശാന്തമായ പെരുമാറ്റരീതിയും ജനങ്ങളെ ആഴത്തിൽ സ്പർശിച്ചു. പൂർണ്ണമായും സുവിശേഷാധിഷ്ഠിതമായ ഒരു ജീവിതചര്യയ്ക്ക് ഉടമയായിരുന്ന തിയോഫിനച്ചൻ ആശ്രമശ്രേഷ്ഠനായിരുന്നെങ്കിലും മറ്റംഗങ്ങളെക്കാൾ എളിയവനായിരിക്കാൻ ഇഷ്ടപ്പെട്ടു. നീണ്ട മണിക്കൂറുകൾ ധ്യാനത്തിലും പ്രാർത്ഥനയിലും ചിലവഴിച്ച അദ്ദേഹം ഉച്ചാടനകൃപകളെ വിവേചനാപൂർവ്വം ഉപയോഗിച്ചു. തന്റെ ആദർശമായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദരിദ്രനും വിനീതനുമായി അവസാനം വരെ നിലകൊണ്ടു. ആത്മാവിന്റെ നിറവും ചിന്തയുടെ കാമ്പുമുള്ള കുറിപ്പുകൾ പ്രചരിപ്പിച്ചു. തീക്ഷ്ണതയോടെയുള്ള തന്റെ സന്യാസജീവിതത്തിൽ സ്വന്തം ആരോഗ്യസംരക്ഷണത്തിന് തിയോഫിനച്ചൻ അധികം പ്രാധാന്യം നൽകിയിരുന്നില്ല. കടുത്തപ്രമേഹരോഗിയായിരുന്നിട്ടും, മുട്ടിനുതാഴെ വ്രണങ്ങൾ ഉണ്ടായിരുന്നപ്പോഴും ദീർഘദൂരങ്ങൾ കാൽനടയായി അദ്ദേഹം സഞ്ചരിച്ചു.

ഇരുപത്തിയേഴു വർഷക്കാലം ക്രിസ്തുവിന്റെ പുരോഹിതനായി ശുശ്രൂഷചെയ്ത തിയോഫിനച്ചൻ അനേകരുടെ വേദനകളിൽ ആശ്വാസമായി മാറി. ഭവനസന്ദർശനങ്ങളിലൂടെ അനേകരെ അനുരഞ്ജനത്തിലേക്കും പ്രാർത്ഥനയിലൂടെ നിരവധിപേരെ സൗഖ്യത്തിലേക്കും നയിച്ചു. ജീവിച്ചിരുന്നപ്പോൾ തന്നെ അദ്ദേഹത്തെ വിശുദ്ധനായികണ്ട ജനങ്ങൾ ജാതി, മതഭേദമെന്യേ തിയോഫിനച്ചന്റെ പക്കൽ ഓടിയെത്തുമായിരുന്നു. വല്ല്യച്ചൻ എന്ന വൈദ്യനെത്തേടിയാണ് ജനങ്ങൾ എത്തിയിരുന്നത്. ദൈവത്തിന്റെ വെളിപ്പെടുത്തലുകളുമായി, ക്രിസ്തു

വിനെ അനുകരിച്ച് കരയുന്നവർക്ക് സാന്ത്വനമായി, രോഗികൾക്ക് സൗഖ്യമായി, വിശക്കുന്നവർക്ക് അപ്പമായി ജീവിച്ച തിയോഫിനച്ചൻ 1968 ഏപ്രിൽ 4-ന് രാത്രി 11 മണിക്ക് തന്റെ 55-ാം വയസിൽ സ്വർഗ ത്തിലേക്ക് യാത്രയായി. തിയോഫിനച്ചന്റെ പൂജ്യശരീരം അടക്കം ചെയ്തിട്ടുള്ള പൊന്നുരുന്നി ആശ്രമത്തിലെ തിയോഫിൻ സവിധത്തി ലേക്ക് നിത്യവും അനേകം വിശ്വാസികൾ തങ്ങളുടെ 'വല്ല്യച്ചനെ' തേടി എത്തിക്കൊണ്ടിരിക്കുന്നു.

തിയോഫിനച്ചന്റെ അസാധാരണമായ പുണ്യജീവിതത്തെയും ജീവിതത്തിൽ പ്രാവർത്തികമാക്കിയിരിക്കുന്ന സുകൃതങ്ങളെയും കുറിച്ച്, വിശുദ്ധരുടെ നാമകരണത്തിനായുള്ള വത്തിക്കാൻ കാര്യാ ലയം സുദീർഘമായ പഠനങ്ങൾ നടത്തുകയും തെളിവുകൾ ശേഖരി ക്കുകയും ഇക്കാര്യങ്ങൾ ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരിശുദ്ധ പിതാവ് ലെയോ പതി നാലാമൻ പാപ്പാ 2026 ഫെബ്രുവരി 21-ന് തിയോഫിനച്ചനെ ധന്യപദ വിയിലേക്ക് ഉയർത്തി. ധന്യപദവിയുടെ പരസ്യമായ പ്രഖ്യാപനം 2026 ഏപ്രിൽ 26 ഞായറാഴ്ച രാവിലെ 10 മണിക്ക് പൊന്നുരുന്നി ആശ്രമ ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന പൊന്തിഫിക്കൽ ദിവ്യബലിമധ്യേ നടത്തപ്പെടുന്നതാണ്. ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നതിനും അനുഗൃഹീതമായ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനുമായി നിങ്ങളെ എല്ലാവരേയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. എത്രയും വേഗം ധന്യൻ തിയോഫിനച്ചനെ വിശുദ്ധപദവിയിലേക്ക് ഉയർത്തണമേയെന്ന് സ്നേഹപിതാവായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

പൈതൃകാശീർവാദങ്ങളോടെ എറണാകുളത്ത് നമ്മുടെ അതി മെത്രാസനമന്ദിരത്തിൽ നിന്ന്, 2026 ഏപ്രിൽ 6-ാം തീയതി,

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

N.B.: **ഈ ഇടയലേഖനം 2026 ഏപ്രിൽ 19-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

# CIRCULAR - 7

## ദൈവവിളികൾക്കായുള്ള 63-ാമത് ആഗോള പ്രാർഥനാദിനത്തിൽ (ഏപ്രിൽ 26, 2026) പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ നല്കുന്ന സന്ദേശം

## "അന്തരാത്മാവിൽ ദൈവികദാനം കണ്ടെത്തുന്നത്"

**പ്രിയ സഹോദരീസഹോദരന്മാരേ,**
**പ്രിയ യുവതീയുവാക്കന്മാരേ,**

ഉത്ഥിതനായ യേശുവിനാൽ നയിക്കപ്പെട്ടും സംരക്ഷിക്കപ്പെട്ടും നാം പെസഹാകാലത്തിലെ നാലാം ഞായറാഴ്ച ആചരിക്കുന്നു. "നല്ലിടയൻ ഞായർ" എന്ന് അറിയപ്പെടുന്ന ഇന്ന് ദൈവവിളികൾ ക്കായുള്ള ആഗോളപ്രാർഥനയുടെ 63-ാമത് ദിനം കൂടിയാണ്. ഇതൊരു അനുഗ്രഹത്തിന്റെ അവസരമാണ്. ഈ ദിനത്തിൽ നാം ദൈവവിളി യുടെ ആന്തരിക വശത്തെക്കുറിച്ച് ചില ചിന്തകൾ പങ്കുവയ്ക്കുന്നു. യഥാർഥത്തിൽ, അത് നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ പൂവണി യുന്ന ദൈവികദാനത്തിന്റെ കണ്ടെത്തലാണ്. നമ്മുടെ ഇടയൻ നമ്മെ നടത്തുന്ന ജീവിതത്തിന്റെ അതീവസുന്ദരമായ ഈ പാത നമുക്ക് ഒരുമിച്ച് കണ്ടെത്താൻ ശ്രമിക്കാം.

### സൗന്ദര്യത്തിന്റെ പാത

യോഹന്നാന്റെ സുവിശേഷത്തിൽ യേശു സ്വയം "നല്ല ഇടയൻ" (*ഹോ പൊയ്മേൻ ഹോ കലോസ്* എന്നു ഗ്രീക്ക് ഭാഷയിൽ) (യോഹ 10:11) ആയി ചിത്രീകരിക്കുന്നു. പരിപൂർണനും ആധികാരികത യുള്ളവനും മാതൃകാ പുരുഷനുമായ ഒരു ഇടയനെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്; അതായത്, തന്റെ അജഗണത്തിനുവേണ്ടി സ്വജീവൻ സമർപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്താനും തയ്യാറുള്ളവൻ. ഈ സൗന്ദര്യം തിരിച്ചറിയാൻ ശാരീരിക നേത്രങ്ങളോ ലാവണ്യശാസ്ത്ര സംവേദനശക്തിയോ മതി യാവില്ല; ഇതിന് അതീന്ദ്രിയധ്യാനവും ആന്തരികതയും (contemplation and interiority) അത്യാവശ്യമാണ്. ഇടയന്റെ കടാക്ഷം സ്വാഗതം ചെയ്യാനായി അൽപനേരം നിൽക്കുകയും ശ്രവിക്കുകയും പ്രാർഥി

ക്കുകയും ചെയ്യുന്ന ആളിനു മാത്രമേ ആത്മവിശ്വാസത്തോടെ ഇപ്രകാരം പറയാനാവൂ, ''ഞാൻ അവനിൽ ആശ്രയിക്കുന്നു; അവനോടൊപ്പമുള്ള എന്റെ ജീവിതം തികച്ചും സുന്ദരമായിരിക്കും. ആ സുന്ദരപാതയിലൂടെ സഞ്ചരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'' ഇതിൽ ഏറ്റവും അനിതരസാധാരണമായുള്ളത്, അവന്റെ ശിഷ്യനായി ത്തീരുന്നയാൾ യഥാർഥത്തിൽ ''സുന്ദരനായി'' ഭവിക്കുന്നു എന്ന താണ്; അവന്റെ സൗന്ദര്യം നമ്മെ രൂപാന്തരപ്പെടുത്തുന്നു. പാവൽ ഫ്ലോറൻസ്കി എന്ന ദൈവശാസ്ത്രജ്ഞൻ എഴുതിയതുപോലെ, താപസചര്യ (asceticism) കേവലം ഒരു "നല്ല" വ്യക്തിയെ ("good" person) മാത്രമല്ല ജനിപ്പിക്കുന്നത്; മറിച്ച്, ഒരു "സുന്ദരനായവനെ" ("beautiful" one) കൂടിയാണ്. യഥാർഥത്തിൽ, നന്മയ്ക്കുപരി, ഒരു വിശുദ്ധന്റെ സവിശേഷലക്ഷണം അവന്റെയോ അവളുടെയോ ക്രിസ്തുവിലുള്ള ജീവിതത്തിൽനിന്നു പ്രസരിക്കുന്ന തേജോമയമായ ആത്മീയ സൗന്ദര്യമാണ്. ഈ അർഥത്തിൽ, ക്രിസ്തീയ ദൈവവിളി പ്രകാശിതമാകുന്നത് യേശുവിന്റെ ജീവിതത്തിലുള്ള പങ്കാളിത്ത ത്തിന്റെ ആഴത്തിനനുസരിച്ചാണ്; അതായത്, അവിടത്തെ ദൗത്യത്തിൽ പങ്കുചേരുകയും അങ്ങനെ അവിടത്തെ സൗന്ദര്യം പ്രതിഫലിപ്പിക്കു കയും ചെയ്യുകവഴി.

ജീവന്റെയും വിശ്വാസത്തിന്റെയും അർഥത്തിന്റെയും ഈ ആന്തരിക അനുഭവം വിശുദ്ധ അഗസ്റ്റിനും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ ആത്മകഥയുടെ (Confessions) മൂന്നാം പുസ്തകത്തിൽ യൗവനത്തിലെ പാപങ്ങളെയും തെറ്റുകളെയും അംഗീകരിച്ചുകൊണ്ട്, ദൈവം ''തന്റെ പുറമേയുള്ള ആന്തരികതയ്ക്കുമുപരി ഏറ്റവും അഗാധതലത്തിൽ'' ("more inward than my most inward part") സന്നിഹിതനായിരുന്നു എന്ന് ഏറ്റുപറയുന്നു. സ്വയം അറിഞ്ഞതി ലുപരി അഗസ്റ്റിൻ ഇരുളിലൂടെ തന്നെ നയിച്ച ദൈവികവെളിച്ചത്തെ കണ്ടെത്തുന്നു. തന്റെ ആത്മാവിന്റെ അന്തരാളങ്ങളിൽ ദൈവിക സാന്നിധ്യം തിരിച്ചറിഞ്ഞ അഗസ്റ്റിൻ ആന്തരികജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി; അവിടെയാണ് ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഇടം; ആ കണ്ടുമുട്ടലാണ് നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ സൗന്ദര്യവും നന്മയും അനുഭവി ക്കാനുള്ള മാർഗവും.

അപ്രകാരമുള്ള ഒരു ബന്ധം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് പ്രാർഥനയിലും നിശബ്ദതയിലുമാണ്. അവ പരിപോഷിപ്പിക്കപ്പെടുമ്പോൾ ദൈവവിളി എന്ന ദാനം സ്വീകരിക്കാനും അതിനോടു ക്രിയാത്മകമായി പ്രത്യുത്തരിക്കാനും നാം പ്രാപ്തരാക്കപ്പെടുന്നു. അതു നമ്മുടെമേൽ ഒരിക്കലും അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നല്ല; മാത്രമല്ല, അത് എല്ലാവരും നിർബന്ധപൂർവം അനുരൂപപ്പെടേണ്ട ഏക മാതൃകയല്ലതാനും; മറിച്ച്, അത് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു സാഹസമാണ്. അതിനാൽ, ആന്തരിക ജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി, നാം നമ്മുടെ ദൈവവിളി പ്രോത്സാഹന ശുശ്രൂഷ അടിയന്തരമായി പുനരാരംഭിക്കണം; അങ്ങനെ നമ്മുടെ സുവിശേഷവൽകരണത്തിനുള്ള പ്രതിജ്ഞാബദ്ധതയും നാം നവീകരിക്കണം.

ഇതിന്റെ വെളിച്ചത്തിൽ, ഞാൻ കുടുംബങ്ങളിലും ഇടവകകളിലും സന്ന്യാസസമൂഹങ്ങളിലുമുള്ള ഓരോരുത്തരെയും മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും മതാധ്യാപകരെയും അധ്യാപകരെയും സമസ്ത വിശ്വാസികളെയും ഇതിനായി ക്ഷണിക്കുന്നു; അതായത്, ഈ ദാനം സ്വീകരിക്കാനും പരിപോഷിപ്പിക്കാനും ഇതിനെ സംരക്ഷിക്കാനും അനുഗമനം ചെയ്യാനും അങ്ങനെ സമൃദ്ധമായ ഫലം ലഭിക്കാനും ഇടവരുത്തത്തക്ക രീതി ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനുമായി കൂടുതൽ പ്രതിജ്ഞാബദ്ധരാകാൻ. നമ്മുടെ സാഹചര്യങ്ങൾ സജീവ വിശ്വാസത്താൽ പ്രകാശിതമാവുകയും നിരന്തരമുള്ള പ്രാർഥനയാൽ പിന്താങ്ങപ്പെടുകയും സഹോദരതുല്യമായ അനുഗമനത്താൽ സമ്പന്നമാക്കപ്പെടുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ വിളി പുഷ്പിക്കപ്പെടാനും പാകപ്പെടാനും ഇടവരുന്നത്; അങ്ങനെ അത് വ്യക്തികൾക്കും ലോകത്തിനും ആനന്ദത്തിന്റെയും രക്ഷയുടെയും പാതയായി പരിണമിക്കും. നല്ല ഇടയനായ യേശു ചൂണ്ടിക്കാണിച്ചുതരുന്ന പാതയിലൂടെ സഞ്ചരിക്കുന്നതു വഴിയായി നമുക്ക് നമ്മെത്തന്നെയും നമ്മെ വിളിക്കുന്ന ദൈവത്തെയും ആഴത്തിൽ അറിയാൻ സാധിക്കും.

**പരസ്പരം അറിയുന്നത്**

"ജീവന്റെ നാഥനായ കർത്താവ് നമ്മെ അറിയുകയും തന്റെ സ്നേഹപൂർവകമായ കടാക്ഷംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ

ദീപ്തമാക്കുകയും ചെയ്യുന്നു". യഥാർത്ഥത്തിൽ, സ്നേഹമായിരിക്കുന്ന ദൈവത്തെ (1 യോഹ 4:16 കാണുക) അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതുവഴിയാണ് ഓരോ ദൈവവിളിയും ഉദ്ഭവിക്കുന്നത്. അവിടത്തേക്ക് നമ്മെ ആഴത്തിൽ അറിയാം; നമ്മുടെ തലമുടിയുടെ എണ്ണംപോലും അവിടന്ന് എടുത്തിട്ടുണ്ട് (മത്താ 10:30); അതോടൊപ്പം ഓരോ വ്യക്തിയും പിന്തുടരേണ്ട തനതായ വിശുദ്ധിയുടെയും ശുശ്രൂഷയുടെയും പാതയും അവിടന്ന് നിർണയിച്ചുവച്ചിട്ടുണ്ട്. എന്നാൽ, ഈ അറിവ് എപ്പോഴും അന്യോന്യമായിരിക്കും. പ്രാർഥന, വചനശ്രവണം, കൂദാശകൾ, സഭാജീവിതം, നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടിയുള്ള ഉപവിപ്രവർത്തനങ്ങൾ എന്നിവ വഴിയായി ദൈവത്തെ അറിയാനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. അപ്രതീക്ഷിതമായി രാത്രിയിൽ കർത്താവിന്റെ സ്വരം കേൾക്കുകയും ഏലിയുടെ സഹായത്തോടെ അത് തിരിച്ചറിയുകയും ചെയ്ത ബാലനായ സാമുവലിനെപ്പോലെ (1 സാമു 3:1-10 കാണുക) നാമും ആന്തരിക നിശബ്ദതയ്ക്കായി ഒരു സ്ഥലം സജ്ജമാക്കണം; അതുവഴിയായി, നമ്മുടെ സന്തോഷത്തിനായി കർത്താവ് ആഗ്രഹിക്കുന്നത് നമുക്ക് കേൾക്കാനാകും. ഇത് വളരെ ഉയർന്ന ആശയങ്ങൾ സ്വരൂപിക്കാനോ വിദഗ്ധ അറിവ് (scholarly learning) നേടാനോ അല്ല; മറിച്ച്, നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന വ്യക്തിപരമായ കണ്ടുമുട്ടലിനുവേണ്ടിയാണ്. ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. നമ്മെ വിളിക്കുകയും പ്രത്യുത്തരിക്കാനായി ക്ഷണിക്കുകയും ചെയ്യുന്ന ദൈവുമായി ഗാഢമായ സംഭാഷണത്തിൽ ഏർപ്പെടാനുള്ളതാണ് ഒരു ദൈവവിളി; ബധിരത സൃഷ്ടിക്കുന്നതരത്തിലുള്ള ലോകത്തിന്റെ ശബ്ദകോലാഹലത്തിനിടയിൽ യഥാർഥ സന്തോഷത്തോടും ഔദാര്യത്തോടും പ്രത്യുത്തരിക്കാനുള്ള ക്ഷണമാണത്.

*Noli foras ire, in te ipsum redi, in interior homine habitat veritas* - "നീ നിന്നിൽ നിന്ന് പുറത്തു പോകരുത്; നിന്നിലേക്കു നീ തിരിയെവരുക. ആന്തരിക മനുഷ്യനിലാണ് സത്യം കുടികൊള്ളുന്നത്". അൽപനേരം നിൽക്കുകയും ആന്തരിക നിശബ്ദതയ്ക്കുവേണ്ടി സ്ഥലം ഒരുക്കുകയും ചെയ്യേണ്ടത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് വീണ്ടും വിശുദ്ധ അഗസ്റ്റിൻ നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെയാണ് യേശുക്രിസ്തുവിന്റെ ശബ്ദം ശ്രവിക്കാൻ നാം പ്രാപ്തരാകുന്നത്.

പ്രിയപ്പെട്ട യുവജനമേ, ഈ ശബ്ദം കേൾക്കുവിൻ. പൂർണവും ഫലപ്രദവുമായ ഒരു ജീവിതത്തിനായി നിങ്ങളെ ക്ഷണിക്കുന്ന കർത്താവിന്റെ സ്വരം ശ്രവിക്കുവിൻ; നിങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്താനാണ് അവിടന്ന് വിളിക്കുന്നത് (മത്താ 25:14-30), അതോടൊപ്പം നിങ്ങളുടെ പരിമിതികളും ബലഹീനതകളും ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ കുരിശിനോടു ചേർത്തുവയ്ക്കാനും. അതിനാൽ, ദിവ്യകാരുണ്യ ആരാധനയ്ക്ക് സമയം കണ്ടെത്തുക; വിശ്വസ്തതയോടെ ദൈവവചനം ധ്യാനിക്കുക, അങ്ങനെ ഓരോ ദിവസവും അത് പ്രാവർത്തികമാക്കാൻ ഇടവരട്ടെ. അതോടൊപ്പം സഭയുടെ കൗദാശികവും സഭാത്മകവുമായ ജീവിതത്തിൽ സജീവവും പൂർണവുമായ വിധത്തിൽ പങ്കുചേരുക. ഈ രീതിയിൽ, നിങ്ങൾ കർത്താവിനെ അറിയുന്നവരായി ഭവിക്കും. അവിടത്തെ സൗഹൃദത്തിന്റെ അഗാധതയിൽ നിങ്ങൾക്ക് എങ്ങനെ നിങ്ങളെത്തന്നെ നൽകാൻ കഴിയും എന്നത് തിരിച്ചറിയാൻ സാധിക്കും; അത് വിവാഹമോ വൈദികശുശ്രൂഷയോ സ്ഥിരമായുള്ള ഡീക്കൻശുശ്രൂഷയോ സമർപ്പിതജീവിതമോ ആകാം. ഓരോ ദൈവവിളിയും സഭയ്ക്കും അത് സന്തോഷപൂർവ്വം സ്വീകരിക്കുന്ന ആളിനും നൽകുന്നത് അളക്കാനാവാത്ത ദാനമാണ്. കർത്താവിനെ അറിയുക എന്നു പറഞ്ഞാൽ എല്ലാറ്റിനുമുപരി അവിടത്തെ കരങ്ങളിലും പരിപാലനയിലും സ്വയം ഭരമേല്പ്പിക്കുക എന്നതത്രേ; അവിടത്തെ പരിപാലന ഓരോ ദൈവവിളിയിലും അതിസമൃദ്ധമായുണ്ട്.

## വിശ്വാസം അർപ്പിക്കുന്നത് (Trust)

അറിവ് ആത്മവിശ്വാസത്തിലേക്കു നയിക്കുന്നു; അതായത്, വിശ്വാസത്തിൽനിന്ന് ഉതിരുന്ന മനോഭാവം; അത് ഒരാളുടെ ദൈവവിളി സ്വാഗതം ചെയ്യുന്നതിനും അതിൽ നിലനിൽക്കുന്നതിനും അത്യാവശ്യമായി വേണ്ടതാണ്. അപ്പോൾ ജീവിതം എന്നത് കർത്താവിൽ നിരന്തരമായി അർപ്പിക്കുന്ന ആശ്രയബോധമായും നമ്മെത്തന്നെ അവിടത്തെ കരങ്ങളിൽ ഉപേക്ഷിക്കുന്ന ഒന്നായും വെളിപ്പെടുത്തപ്പെടും; അത് പലപ്പോഴും അവിടത്തെ പദ്ധതികൾ നമ്മുടേതിനെ തകിടംമറിക്കുന്നത് ആയാൽപ്പോലും.

വിശുദ്ധ യൗസേപ്പിന്റെ കാര്യംതന്നെ നമുക്ക് പരിഗണിക്കാം. കന്യകമറിയത്തിന്റെ ദുർഗ്രഹവും അപ്രതീക്ഷിതവുമായ ഗർഭധാര

ണത്തിന്റെ സാഹചര്യത്തിൽപ്പോലും അദ്ദേഹം തനിക്ക് സ്വപ്നത്തിൽ ലഭിച്ച ദൈവികസന്ദേശം വിശ്വസിക്കാനും അനുസരണമുള്ള ഒരു ഹൃദയത്തോടെ മറിയത്തെയും കുഞ്ഞിനെയും സ്വീകരിക്കാനും തയ്യാറായി (മത്താ 1:18-25; 2:13-15). ദൈവത്തിന്റെ പദ്ധതികളിൽ സമ്പൂർണമായി പ്രത്യാശയർപ്പിച്ചതിന്റെ ഉത്തമമാതൃകയാണ് നസ്രത്തിലെ യൗസേപ്പ്. തനിക്ക് ചുറ്റുമുള്ളതെല്ലാം ഇരുളിലും അനിശ്ചിതത്വത്തിലും ആയിരിക്കുകയും തന്റെതന്നെ പദ്ധതികളിൽനിന്നു വ്യത്യസ്തമായിരിക്കുന്നു എന്നു കാണുകയും ചെയ്തിട്ടും അവൻ ദൈവത്തിൽ പ്രത്യാശർയപ്പിച്ചു. കർത്താവിന്റെ നന്മയിലും വിശ്വസ്തതയിലും ഉറച്ചു വിശ്വസിച്ചുകൊണ്ട്, അവൻ ദൈവത്തിൽ പ്രത്യാശയർപ്പിക്കുകയും ദൈവകരങ്ങളിൽ സ്വയം ഉപേക്ഷിക്കുകയും ചെയ്തു. “ഓരോ അവസരത്തിലും മംഗലവാർത്ത സമയത്തെ മറിയത്തെപ്പോലെയും ഗെത്സേമിൻ തോട്ടത്തിലെ യേശുവിനെപ്പോലെയും ‘അതുപോലെ ആകട്ടെ’ (*fiat*) എന്ന് യൗസേപ്പ് ഉദ്ഘോഷിച്ചു”.

“പ്രത്യാശയുടെ ജൂബിലി” നമ്മെ അനുസ്മരിപ്പിച്ചതുപോലെ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ, നിരാശയ്ക്കു വഴികൊടുക്കാതെ, ദൃഢവും നിലനിൽക്കുന്നതുമായ പ്രത്യാശ അർപ്പിക്കുക എന്നത് അനിവാര്യമാണ്. ഭയവും സന്ദേഹവും നാം മറികടക്കണം; കാരണം, ചരിത്രത്തിന്റെ നാഥൻ, ലോകത്തിന്റെയും നമ്മുടെ വ്യക്തിപരമായ ചരിത്രത്തിന്റെയും നാഥൻ, ഉയിർത്തെഴുന്നേറ്റിരിക്കുന്നു. നമ്മുടെ ഏറ്റവും ഇരുണ്ട മണിക്കൂറുകളിൽ അവൻ നമ്മെ ഉപേക്ഷിക്കുകയില്ല; മറിച്ച്, തന്റെ പ്രകാശംവഴി എല്ലാ നിഴലുകളെയും അകറ്റുന്നു. പരീക്ഷകളുടെയും പ്രതിസന്ധികളുടെയും മധ്യേപോലും, തന്റെ ആത്മാവിന്റെ പ്രകാശത്താലും ശക്തിയാലും, നമ്മുടെ വിളി വളരുന്നതും പാകപ്പെടുന്നതും നമുക്ക് കാണാനാകും; അത് വർധിതമാം വിധം നമ്മെ വിളിച്ചവന്റെ സൗന്ദര്യം കൂടുതൽ പ്രതിഫലിപ്പിക്കുന്ന തരത്തിലായിരിക്കും; അത് നമ്മുടെ മുറിവുകൾക്കും പരാജയങ്ങൾക്കുമുപരി വിശ്വസ്തതയും പ്രത്യാശയർപ്പണവുംവഴിയായി രൂപപ്പെട്ടിട്ടുള്ള സൗന്ദര്യമായിരിക്കും.

## പാകപ്പെടൽ (Maturation)

ദൈവവിളി എന്നത് ഒരിടത്ത് ഉറച്ചുനിൽക്കുന്ന ഒരു യാഥാർഥ്യമല്ല; മറിച്ച്, അത് പാകപ്പെടലിന്റേതായ ഒരു ചലനാത്മക

പ്രക്രിയയാണ്; അത് നമ്മുടെ കർത്താവുമായുള്ള ഗാഢബന്ധത്താൽ പരിപോഷിതമാണ്. ഒരാളുടെ ദൈവവിളിയിൽ വളരുക എന്നു പറഞ്ഞാൽ നമ്മുടെ ഹൃദയത്തിലും ജീവിതത്തിന്റെ സാഹചര്യങ്ങളിലും പരിശുദ്ധാത്മാവിനെ പ്രവർത്തിക്കാൻ അനുവദിച്ചുകൊണ്ട് യേശുവിനോടൊപ്പം ആയിരിക്കുക എന്നതാണ്. അപ്പോൾ എല്ലാ കാര്യങ്ങളും ഈ ദാനത്തിന്റെ അടിസ്ഥാനത്തിൽ പുനർവ്യാഖ്യാനിക്കപ്പെടും.

മുന്തിരിച്ചെടിയും ശാഖകളും എന്നതുപോലെ (യോഹ 15:1–8 കാണുക) നമ്മുടെ ജീവിതമാകമാനം ശക്തവും സജീവവുമായ ബന്ധത്താൽ കർത്താവിൽ രൂഢമൂലമായിരിക്കണം; അങ്ങനെ നാം, നമ്മുടെ പരീക്ഷണങ്ങളും ആവശ്യംവേണ്ട "വെട്ടിയൊരുക്കലും" (pruning) വഴിയായിത്തന്നെ, പൂർണഹൃദയത്തോടെ അവിടത്തെ വിളിയോടു പ്രത്യുത്തരിക്കാൻ പ്രാപ്തരായിത്തീരും. അങ്ങനെയാകുമ്പോൾ, നമ്മുടെ ജീവിതത്തിലുടനീളം നാം പണിതുയർത്തുന്ന ആധികാരികമായ സാഹോദര്യത്തിന്റെ ചങ്ങലകളായിരിക്കും പലപ്പോഴും ദൈവഹിതത്തിന്റെ പ്രകാശനത്തിന്റെ "ഇടങ്ങളും" അവിടത്തെ അനന്തമായ സ്നേഹം നാം അനുഭവിക്കുന്ന വേദികളും ആയി ഭവിക്കുന്നത്. നമ്മുടെ ദൈവവിളി കണ്ടെത്തുന്നതിലും അതിൽ വളരുന്നതിലും നമ്മെ അനുഗമനം ചെയ്യുന്ന ഒരു യഥാർഥ ആധ്യാത്മിക നിയന്താവ് ഉണ്ടായിരിക്കുക എന്നത് എത്രമാത്രം അനർഘമായ ഒരു കാര്യമാണ്! പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ വിവേചിച്ചറിയുകയും പരിശോധിക്കുകയും ചെയ്യുന്നത് എത്രമാത്രം പ്രധാനപ്പെട്ടതാണ്! അങ്ങനെയാണ് ഒരു ദൈവവിളി അതിന്റെ പൂർണസൗന്ദര്യത്തിൽ ഫലദായികത്വത്തിലേക്ക് എത്തിച്ചേരുന്നത്.

ആകയാൽ, ഒരു ദൈവവിളി എന്നു പറയുന്നത് പെട്ടെന്നങ്ങ് സ്വന്തമാക്കാൻ കഴിയുന്ന ഒന്നല്ല; അതായത്, ഒരിക്കൽ നൽകപ്പെട്ട് പൂർത്തിയാക്കപ്പെട്ട ഒന്നല്ല; അതായത്, ഒരിക്കൽ മാത്രമായി തന്നുതീർത്ത ഒന്നല്ല ("given" once and for all). മറിച്ച്, ജീവിതംപോലെതന്നെ അത് സാധാരണയായി തുറന്നുവരുന്ന ഒരു പാതയാണ്. നമുക്കു ലഭിച്ച ദാനം സംരക്ഷിക്കപ്പെടേണ്ടത് മാത്രമല്ല; മറിച്ച്, ദൈവവുമായുള്ള ദൈനംദിന ബന്ധത്തിലൂടെ പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്;

അങ്ങനെയാണത് വളരുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നത്. “ഇത് സഹായകമാണ്; കാരണം, നമ്മെ സ്നേഹിക്കുന്ന ദൈവമായുള്ള ബന്ധത്തിൽ നമ്മുടെ ജീവൻ മുഴുവനെയും ഇത് പ്രതിഷ്ഠിക്കുന്നു. ഒരു കാര്യവും കേവലം അവിചാരിതമായി സംഭവിക്കുന്നതിന്റെ അനന്തരഫലമല്ലെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. നേരെമറിച്ച്, നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവത്തോടു പ്രത്യുത്തരിക്കുന്നതിന്റെ ഭാഗമാണെന്ന് ഇത് നമുക്കു മനസ്സിലാക്കിത്തരുന്നു; കാരണം കർത്താവിന് നമ്മെക്കുറിച്ച് വിസ്മയകരമായ ഒരു പദ്ധതിയുണ്ട്”.

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവജനങ്ങളേ, ദൈനംദിനമുള്ള പ്രാർഥനയും ദൈവവചന ധ്യാനവും വഴിയായി ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധം സ്ഥാപിക്കാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. അൽപ്പംനിന്ന്, ശ്രവിച്ച്, നിങ്ങളെത്തന്നെ അവിടത്തെ കരങ്ങളിൽ ഭരമേല്പിക്കുവിൻ. ഈ രീതിയിൽ നിങ്ങളുടെ ദൈവവിളി പാകപ്പെടും; അത് നിങ്ങൾക്കു സന്തോഷം പകരുകയും സഭയ്ക്കും ലോകത്തിനും സമൃദ്ധമായ ഫലം നൽകുകയും ചെയ്യും.

ദൈവിക ദാനത്തിന്റെ ആന്തരികമായ സ്വീകരണത്തിന്റെ മാതൃകയും പ്രാർഥനാപൂർവം ശ്രവിക്കുന്നതിൽ വിദഗ്ദ്ധയുമായ കന്യകമറിയം നിങ്ങളുടെ ഈ പ്രയാണത്തിൽ നിങ്ങളെ എപ്പോഴും അനുഗമനം ചെയ്യട്ടെ!

ലിയോ പതിനാലാമൻ പാപ്പാ

---

N.B.: **ഈ സർക്കുലർ 2026 ഏപ്രിൽ 26–ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

## CASUS
## APRIL 2026

A marriage was declared null and void by the Metropolitan Marriage Tribunal of Archdiocese of Verapoly on the ground of intention against fidelity as partial simulation of marriage consent from the part of the husband. Both parties obtained civil divorce on mutual consent from the Family Court too. There are two children born out of this bond and they are taken care of their mother. Now the man wants to get married again with another catholic woman. He approaches his Parish Priest asking to do the necessary formalities to get married in Church. Rev. Parish Priest who is well aware of the past history of the man refuses to do the formalities for marriage. Rev. Parish Priest knows that he has never taken care of his former wife and children. He has never spent anything for his children. Rev. Parish Priest asks him to go and fulfill his natural obligations towards his children arising from his previous bond and then he will allow him to get married in Church. Now he quarrels with the Parish Priest telling that he is free to get married as per the Canon Law and Civil Law and the Parish Priest has no right to see whether he has fulfilled his natural obligations towards his children from his previous bond.

**Questions:**

*1. What are the duties of parents toward children?*

Can. 226 §1: According to their own vocation, those who live in the marital state are bound by a special duty to work through marriage and the family to build up the people of God. §2: Since they have given life to their children, parents have a most grave obligation and possess the right to educate them. Therefore, it is for Christian parents particularly to take care of the Christian education of their children according to the

doctrine handed on by the Church. Can. 793 §1: Parents and those who take their place are bound by the obligation and possess the right of educating their offspring. Catholic parents also have the duty and right of choosing those means and institutions through which they can provide more suitably for the Catholic education of their children, according to local circumstances. §2. Parents also have the right to that assistance, to be furnished by civil society, which they need to secure the Catholic education of their children. Can. 1136: Parents have the most grave duty and the primary right to take care as best they can for the physical, social, cultural, moral, and religious education of their offspring.

2. *What are the ends of marriage?*

Can. 1055 §1: The matrimonial covenant, by which a man and a woman establish between themselves a partnership of the whole of life and **which is ordered by its nature to the good of the spouses and the procreation and education of offspring**, has been raised by Christ the Lord to the dignity of a sacrament between the baptized.

3. *What does the Canon Law say about care for children after a separation?*

Can. 1154: After the separation of the spouses has taken place, the adequate support and education of the children must always be suitably provided.

4. *Is any special permission of the Local Ordinary required for conducting marriages as mentioned above?*

Can. 1071 §1: Except in a case of necessity, a person is not to assist without the permission of the local ordinary at: 1/ a marriage of transients; 2/ a marriage which cannot be recognized or celebrated

according to the norm of civil law; **3/ a marriage of a person who is bound by natural obligations toward another party or children arising from a previous union;** 4/ a marriage of a person who has notoriously rejected the Catholic faith; 5/ a marriage of a person who is under a censure; 6/ a marriage of a minor child when the parents are unaware or reasonably opposed; 7/ a marriage to be entered into through a proxy as mentioned in can. 1105. §2: The local ordinary is not to grant permission to assist at the marriage of a person who has notoriously rejected the Catholic faith unless the norms mentioned in can. 1125 have been observed with necessary adaptation.

5. *How do you evaluate the response of Reverend Parish Priest in the aforementioned case?*

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21